**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5264** **05-07-2024 - ൽ മറുപടിയ്ക്ക്**

**മലമ്പുഴ മണ്ഡലത്തിൽ നബാർഡ് പദ്ധതിയിലുൾപ്പെടുത്തിയ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതിയിലുൾപ്പെടുത്തി കൃഷി വകുപ്പ് മലമ്പുഴ മണ്ഡലത്തിൽ നടത്തി വരുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കാമോ; | (എ) | നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതിയിലുൾപ്പെടുത്തി മലമ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ വിശദാംശം അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയ്ക്കായി അനുവദിച്ച തുക, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്നീ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പദ്ധതിയിൻകീഴിൽ നിലവിൽ നടന്നുവരുന്ന പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും എന്ന വിവരം ലഭ്യമാക്കാമോ; | (ബി) | നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതിയിലുൾപ്പെടുത്തി മലമ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ വിശദാംശം അനുബന്ധം I ആയി ചേർക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതിവഴി എന്തെല്ലാം ഗുണഫലങ്ങളാണ് മണ്ഡലത്തിലെ കർഷകർക്ക് ലഭ്യമാകുന്നതെന്ന് വിശദമാക്കാമോ? | (സി) | പ്രസ്തുത പ്രവൃത്തിവഴി മണ്ഡലത്തിലെ കർഷകർക്ക് ലഭ്യമാകുന്ന നേട്ടങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

| നിർവ്വഹണ ഏജൻസി | പദ്ധതി | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|
| കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് | RIDF XXV | മലമ്പുഴ അസംബ്ലി മണ്ഡലത്തിലെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തി | 1717 ലക്ഷം | പ്രവൃത്തികൾ 75% പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ നടന്നു വരുന്ന പ്രവൃത്തികൾ ഈ സാമ്പത്തിക വർഷം പൂർത്തിയാക്കുവാൻ ലക്ഷമിടുന്നു |
| കെ.എൽ.ഡി.സി | RIDF XXVII | പാലക്കാട് ജില്ലയിലെ ഹോർട്ടിക്കൾച്ചർ ഡെവലപ്മെന്റ് ഫാം (HDF) അടിസ്ഥാന സൗകര്യ വികസന പ്രവൃത്തി | 906.41 ലക്ഷം | പ്രവൃത്തി 35% ഭൗതിക പുരോഗതി കൈവരിച്ചിട്ടുണ്ട്. ടി പ്രവൃത്തികൾ 2025 മാർച്ച് മാസം പൂർത്തീകരിക്കണമെന്നാണ് നബാർഡ് നിഷ്കർഷിച്ചിരിക്കുന്നത്. |
| മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് | RIDF XXV | കല്ലമ്പറമ്പ് നീർത്തട പദ്ധതി | 96.68 ലക്ഷം | 42.83 ലക്ഷം രൂപയുടെ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പലാക്കിയിട്ടുണ്ട്. പദ്ധതി പുരോഗമിക്കുന്നു. 2024 സെപ്റ്റംബർ മാസത്തോടെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം II

(എ) മലമ്പുഴ അസംബ്ലി നിയോജക മണ്ഡലത്തിലെ വിവിധ കൃഷിഭവനുകൾക്ക് കീഴിൽ വരുന്ന പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തികൾ എന്ന പദ്ധതിവഴി കർഷകർക്ക് ലഭ്യമാകുന്ന നേട്ടങ്ങൾ താഴെ ചേർക്കുന്നു.

1. ഫീൽഡ് കനാൽ നിർമ്മാണത്തിലൂടെ ശരിയായ ജലനിർഗമനവും വാലറ്റ പ്രദേശങ്ങളിൽ ജലസേചനവും ഉറപ്പാക്കുന്നത് വഴി കാർഷിക ഉല്പാദനം വർദ്ധിക്കുകയും കർഷകർക്ക് സാമ്പത്തിക നേട്ടം കൈവരിക്കാൻ സാധിക്കുകയും ചെയ്യും.
2. പാർശ്വഭിത്തി നിർമ്മാണം തോടുകളിൽ നടപ്പിലാക്കിയതുവഴി പ്രളയത്തിൽ നഷ്ടപ്പെട്ട കൃഷിഭൂമി വീണ്ടെടുക്കുന്നതിനും സംരക്ഷിക്കുന്നതിനും സാധിച്ചു.
3. തടയണ, ക്രോസ് ബാരിയർ നിർമ്മാണം വഴി വെള്ളം സംഭരിച്ച് വിളകൾക്ക് എത്തിക്കുവാൻ കഴിഞ്ഞു. കൂടാതെ ഭൂഗർഭജലം റീചാർജ്ജ് ചെയ്യുന്നതിനും സഹായകരമായിട്ടുണ്ട്.
4. ട്രാക്ടർ ക്രോസ്സിംഗ് ആന്റ് ഫുട് സ്ലാബ്സ് നിർമ്മിക്കുക വഴി കാർഷിക ഉല്പാദന ഉപാദികളുടെയും, യന്ത്രോപകരണങ്ങളുടെയും, ഉല്പന്നങ്ങളുടെയും സുഗമമായ നീക്കത്തിനും കാർഷിക ഉല്പന്നങ്ങൾ പെട്ടെന്ന് തന്നെ വിപണിയിൽ എത്തിക്കുവാനും സാധിക്കും.

(ബി) മലമ്പുഴ ഹോർട്ടികൾച്ചർ ഡെവലപ്മെന്റ് ഫാമിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ എന്ന പദ്ധതിയിലൂടെ കർഷകർക്കാവശ്യമായ ഗുണമേൻമയുള്ള നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കുന്ന കാർഷിക ഉല്പന്നങ്ങളുടെ വില്പന കേന്ദ്രമായി വികസിപ്പിക്കുന്നു. കർഷകർക്ക് ആവശ്യമായ ട്രെയിനിംഗ് നൽകുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തുന്നു. ഫാമുകളിൽ നല്ല കൃഷിരീതികൾ അവലംബിക്കുന്നതിലൂടെ കർഷകർക്കു വേണ്ട അറിവും നിർദ്ദേശവും ഫാമുകളിൽ നിന്നും ലഭ്യമാകുന്നു.

(സി) കല്ലമ്പറമ്പ് നീർത്തട പദ്ധതി നടപ്പിലാക്കുന്നതിലൂടെ പ്രദേശത്തെ ഭൂഗർഭ ജലവിതാനം മെച്ചപ്പെടുത്തുന്നതിനും ജലക്ഷാമം ഒരു പരിധി വരെ പരിഹരിക്കുന്നതിനും കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും കാർഷിക ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും അതുവഴി കർഷകരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും പരിസ്ഥിതി പുനരുജ്ജീവനവും സാധ്യമാകുന്നു.

സെക്ഷൻ ഓഫീസർ